**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 578** **10-02-2025 - ൽ മറുപടിയ്ക്ക്**

**ട്രാക്കോ കേബിൾ ജീവനക്കാരുടെ പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ട്രാക്കോ കേബിൾ ജീവനക്കാർ നിലവിൽ നേരിടുന്ന പ്രതിസന്ധി സർക്കാർ തലത്തിൽ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. ട്രാക്കോ കേബിൾ കമ്പനി നേരിടുന്ന പ്രതിസന്ധി സർക്കാർ തലത്തിൽ വിലയിരുത്തുകയും അതിന്റെ ഭാഗമായി വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫർമേഷനുമായും, ട്രാക്കോ കേബിൾ കമ്പനിയുടെ ട്രേഡ് യൂണിയൻ പ്രതിനിധികളുമായും നിരവധി ചർച്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്. കമ്പനിക്കായി ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫർമേഷൻ മുഖേന ഒരു പുനരുദ്ധാരണ പാക്കേജ് തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുകയാണ്. |
| (ബി) | നിലവിൽ പ്രവർത്തന മൂലധനം ഇല്ലാത്തതാണ് പ്രസ്തുത കമ്പനിയുടെ പ്രതിസന്ധിക്ക്കാരണമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ട്രാക്കോ കേബിൾ കമ്പനിക്ക് 2024-2025 സാമ്പത്തീക വർഷം 350ലക്ഷം രൂപ പ്രവർത്തന മൂലധന സഹായമായി സർക്കാർ അനുവദിച്ചിട്ടുണ്ട്. കോവിഡ് സമയത്ത് ലഭിച്ചിരുന്ന ഓർഡറുകൾ നിർമ്മാണ സാമഗ്രികളുടെ ലഭ്യതകുറവ് മൂലവും വിലയിലുണ്ടായ അനിയന്ത്രിതമായ വർദ്ധനവ് മൂലവും യഥാസമയം പൂർത്തീകരിച്ച് നൽകുവാൻ കമ്പനിക്ക് സാധിക്കാതെ വരുകയും സ്ഥാപനം പ്രതിസന്ധിയിലേക്ക് നീങ്ങുകയുമുണ്ടായി. കെ.എസ്.ഇ.ബി.എല്ലിന്റെ പുതിയ നയം അനുസരിച്ച് ആഗോള ടെണ്ടർ വിളിച്ചത് മൂലം ട്രാക്കോ കേബിൾ കമ്പനിക്ക് ഓർഡറുകൾ ലഭിക്കാതെ വന്നതും പ്രവർത്തന മൂലധനത്തിന്റെ അഭാവം മൂലം ലഭിച്ച ഓർഡറുകൾ സമയബന്ധിതമായി പൂർത്തീകരിച്ച് നൽകുവാൻ കഴിയാത്തതും പ്രതിസന്ധിയായി. മാത്രമല്ല, ലഭ്യമായ ഓർഡറുകൾ പൂർത്തീകരിക്കുന്നതിനു വേണ്ടി ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലോൺ എടുത്തത് തിരിച്ചടക്കുവാൻ സാധിക്കാത്തതും കമ്പനിയെ കൂടുതൽ പ്രതിസന്ധിയിലാക്കി. |

| | | | |
|---|---|---|---|
| (സി) | എങ്കിൽ കമ്പനിയെ ലാഭത്തിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കാമോ; | (സി) | സർക്കാർ പട്ടയഭൂമിയായ ടാക്കോ കേബിൾ കമ്പനിയുടെ ഇരുമ്പനം യൂണിറ്റിലെ സ്ഥലം ഇൻഫോപാർക്കിന് കൈമാറുന്നതിലൂടെ ലഭിക്കുന്ന തുക ഉപയോഗിച്ച് കമ്പനിയുടെ സാമ്പത്തീക ബാധ്യതകൾ തീർത്തും വിവിധ പുനരുജ്ജീവന പദ്ധതികളിലൂടെയും കമ്പനിയെ പ്രവർത്തന സജ്ജമാക്കി ലാഭത്തിലാക്കുവാനാണ് ഉദ്ദേശിക്കുന്നത് |
| (ഡി) | ജീവനക്കാർക്കും തൊഴിലാളികൾക്കും ശമ്പളവും മറ്റാനുകൂല്യങ്ങളും അടിയന്തിരമായി നല്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദവിവരങ്ങൾ നൽകുമോ? | (ഡി) | കമ്പനിയിലെ മാനേജിരിയൽ / വർക്ക്മെൻ വിഭാഗം ജീവനക്കാർക്ക് ശമ്പളം നൽകുന്ന കാര്യത്തിൽ നിലവിൽ പ്രതിസന്ധി നേരിടുന്നുണ്ട്. ഒരു മാസത്തെ ശമ്പളം നല്കി തുടങ്ങിയിട്ടുണ്ട്. എന്നാൽ, ജീവനക്കാരുടെ സ്റ്റാറ്റൂട്ടറി ഡ്യൂസ് ഒടുക്കുന്നതിനായി 240 ലക്ഷം ( ഇരുന്നൂറ്റിനാല്പത് ലക്ഷം ) രൂപ അനുവദിക്കുന്നതിനുള്ള ഭരണാനുമതി നല്കിയിട്ടുണ്ട്. പ്രസ്തുത തുക റിലീസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. കമ്പനിയുടെ പുനർജ്ജീവനത്തിനായി നിലവിൽ സ്വീകരിച്ച് വരുന്ന നടപടികളിലൂടെ കമ്പനിയുടെ പ്രവർത്തനം മെച്ചപ്പെടുത്തി തൊഴിലാളികളുടെ ശമ്പളം ഘട്ടം ഘട്ടമായി നൽകുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ